"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- മരട് നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.രഞ്ജൻ കുമാർ.പി.എസ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 1231/2022 നമ്പർ കേസിലെ 15/09/2022 തീയതിയിലെ വിധിന്യായം- നടപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2898/2022/LSGD തീയതി,തിരുവനന്തപുരം, 23-11-2022

---

പരാമർശം:-

1. മരട് നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.രഞ്ജൻ കുമാർ.പി.എസ് സമർപ്പിച്ച 22.08.2022 തീയതിയിലെ അപ്പീൽ അപേക്ഷ (അനക്സ്ചർ A9)
2. ശ്രീ.രഞ്ജൻ കുമാർ.പി.എസ് ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 1231/2022 നമ്പർ കേസിലെ 15/09/2022 തീയതിയിലെ വിധിന്യായം.
3. നഗരകാര്യ ഡയറക്ടറുടെ 01.10.2022 തീയതിയിലെ ഡിയുഎ/9173/2022-ഇ3നമ്പർ കത്ത്.

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിൽ, മരട് നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.രഞ്ജൻ കുമാർ.പി.എസ്, കൊച്ചി നഗരസഭയിലേക്ക് സ്ഥലംമാറ്റത്തിനുള്ള ക്യൂലിസ്റ്റിൽ നഗരകാര്യഡയറക്ടർ തനിക്ക് അർഹമായ പരിഗണന നൽകാത്തതിനെതിരേ പരാമർശം (1) പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൻ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 1231/2022 നമ്പർ കേസിലെ 15.09.2022-ലെ ഉത്തരവ് പ്രകാരം, അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ച അനക്സ്ചർ A9 അപ്പീൽ, നിയമപ്രകാരം പരിശോധിച്ച്, ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ.രഞ്ജൻ കുമാർ.പി.എസ് സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ പ്രകാരം, 2012 മാർച്ച് 19-ന് കൊച്ചി നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമിതനായിട്ടുള്ള തനിക്ക് 2019 നവംബർ മാസത്തിൽ ബഹു. നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് പ്രകാരം സീനിയർ ക്ലർക്കായി ഉദ്യോഗ കയറ്റം ലഭിച്ച് മലപ്പുറം നഗരസഭയിൽ നിയമിതനായിട്ടുള്ളതായും, 2021 ഫെബ്രുവരി മാസം 3-ാം തീയതി മുതൽ നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് പ്രകാരം മരട് നഗരസഭയിൽ സീനിയർ ക്ലർക്കായി സ്ഥലം മാറ്റം

ലഭിച്ചിട്ടുള്ളതായും, 2022 വർഷത്തെ പൊതു സ്ഥലംമാറ്റത്തിനായുള്ള കൃ ലിസ്റ്റ് തയ്യാറാക്കുന്നതിന് ബഹു. നഗരകാര്യ ഡയറക്ടർ ഓൺലൈനായി ക്ഷണിച്ച അപേക്ഷയിൽ കൊച്ചി നഗരസഭാ ഒന്നാം ഓപ്ഷനായി ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ് എന്നും പൊതു സ്ഥലം മാറ്റത്തിന് നോംസ് നിശ്ചയിച്ചിട്ടുള്ള 25/02/2017 ലെ സ.ഉ(പി) നം.3/2027/ഉഭപവ ഉത്തരവിലെ 11-ാമത്തെ ഖണ്ഡികയിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രത്യേക മുൻഗണന ലഭിക്കുന്നതിന് മിശ്രവിവാഹിതനായിട്ടുള്ള തനിക്ക് അർഹതയുള്ളതാണ് എങ്കിലും 04/05/2022- ൽ ബഹു നഗരകാര്യ ഡയറക്ടർ പ്രസിദ്ധീകരിച്ച കരട് കൃ ലിസ്റ്റിൽ തനിക്ക് നോംസ് പ്രകാരം അർഹതപ്പെട്ട പ്രത്യേക മുൻഗണന നൽകാതെ ജനറൽ വിഭാഗത്തിലാണ് തന്നെ ഉൾപ്പെടുത്തിയത് എന്നും ആയതിനെതിരെ ഓൺലൈനായി തന്നെ ആക്ഷേപം സമർപ്പിച്ചെങ്കിലും ടി ആക്ഷേപം പരിഗണിക്കാതെ അന്തിമ കൃലിസ്റ്റിൽ തന്റെ ഒന്നാം ഓപ്ഷൻ ആയ കൊച്ചി നഗരസഭയിൽ ജനറൽ വിഭാഗത്തിൽ തന്നെ നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത് എന്നും അറിയിച്ചിരുന്നു. ആയത് ,മേൽ രേഖപ്പെടുത്തിയ ബഹു. സർക്കാർ നിശ്ചയിച്ച നോംസിന്റെ ലംഘനമാണ് എന്നും 30/10/2014-ലെ സ.ഉ (പി) നം.36/2014/ ഉഭപവ. ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റം/പ്രമോഷൻ എന്നിവ നടക്കുന്ന സമയത്തു മുൻഗണന നൽകേണ്ട വിഭാഗങ്ങളുടെ മുൻഗണന ക്രമം നിശ്ചയിച്ചതിൽ "മിശ്ര വിവാഹിതർ" മൂന്നാമതായി ഉൾപെട്ടിട്ടുള്ളതാണ് എന്നിട്ടും ഇതൊന്നും പരിഗണിക്കാതെയാണ് സൂചന പ്രകാരമുള്ള അന്തിമ കൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്, ഇതു നിയമപ്രകാരം തനിക്ക് ലഭിക്കേണ്ട ആനുകൂല്യം നിഷേധിക്കലാണ് എന്നും അറിയിക്കുകയുണ്ടായി.

3. കൂടാതെ, തനിക്ക് ശേഷം പ്രമോഷനായി സ്ഥലം മാറ്റം ചെയ്യപ്പെട്ടിട്ടുള്ള പുതിയ കൃ ലിസ്റ്റിലെ തന്നെക്കാൾ സ്റ്റേഷൻ സീനിയോറിറ്റി കുറഞ്ഞവരെ തനിക്ക് മുകളിലായിട്ടാണ് കൃ ലിസ്റ്റിൽ സ്ഥാനം നല്കിയിട്ടുള്ളത് എന്നും ആയതു തനിക്ക് അർഹതപ്പെട്ട ഒന്നാം ഓപ്ഷൻ പ്രകാരമുള്ള സ്ഥലം മാറ്റം ലഭിക്കാതെ വരുന്നതിനു കാരണമാകുന്നു എന്നും പലവിധത്തിലുള്ള അർഹത ഉണ്ടായിട്ടും തന്റെ ഒന്നാം ഓപ്ഷൻ പ്രകാരമുള്ള അർഹത നിഷേധിക്കുകയാണ് നഗരകാര്യ ഡയറക്റ്ററേറ്റ് ചെയ്തിട്ടുള്ളത് ആയതിനാൽ തനിക്ക് അർഹതപ്പെട്ട മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി അന്തിമ കൃലിസ്റ്റ് ക്രമീകരിക്കുന്നതിനോ മുൻവർഷത്തെ കൃ ലിസ്റ്റ് പ്രകാരമുള്ള ഒന്നാം ഓപ്ഷൻ അനുസരിച്ച് കൊച്ചി നഗരസഭയിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളിൽ സ്ഥലം മാറ്റം നടത്തുന്നതിനോ തദ്ദേശ സ്വയം ഭരണ വകുപ്പ് അർബൻ ഡയറക്ടർക്കു നിർദ്ദേശം നൽകണമെന്ന് ശ്രീ.രഞ്ജൻ കുമാർ.പി.എസ് അപേക്ഷിച്ചിരുന്നു.

4. ഇക്കാര്യത്തിൽ നഗരകാര്യഡയറക്ടരുടെ പരാമർശം (3) റിപ്പോർട്ട് പ്രകാരം മലപ്പുറം നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.രഞ്ജൻ കുമാർ.പി.എസ്-നെ 2020-21-ലെ കൃ ലിസ്റ്റ് പ്രകാരം രണ്ടാമത്തെ ഓപ്ഷനായ മരട് നഗരസഭയിലേക്ക് സ്ഥലം മാറ്റം നൽകിയിട്ടുള്ളതാണ് എന്നും ടിയാന്റെ ഹോം സ്റ്റേഷൻ കൊച്ചിയാണ്, എന്നാൽ ടിയാൻ കൊച്ചി നഗരസഭയിലേയ്ക്ക് വീണ്ടും അപേക്ഷ നൽകുകയും 2021-22- ലെ കൃ ലിസ്റ്റിൽ 43 നമ്പറായി ഉൾപ്പെട്ടിട്ടുള്ളതുമാണ് എന്നും റിപ്പോർട്ട് ചെയ്തിരുന്നു. മരട് നഗരസഭയിൽ നിന്നും കൊച്ചി നഗരസഭയിലേക്കുള്ള ദൂരം 15 കിലോമീറ്ററിനുള്ളിലായതിനാൽ മരട് നഗരസഭയിലെ സേവന കാലയളവ് ഔട്ട് സ്റ്റേഷൻ സീനിയോറിറ്റിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ് എന്നും, കൂടാതെ ആകെയുണ്ടായിരുന്ന 90 ഒഴിവുകളിൽ വിവിധ പരിരക്ഷിക്കപ്പെട്ട വിഭാഗങ്ങളിലെ 31 പേർക്ക് 2021-22 ലെ കൃ ലിസ്റ്റിൽ പരിഗണന നല്കിയിട്ടുള്ളതുമാണ് എന്നതിനാൽ ടിയാൻ 2021-22 ലെ കൃ ലിസ്റ്റിൽ 43 നമ്പറായി

ഉൾപ്പെട്ടിട്ടുള്ളതുമാണ് എന്നും റിപ്പോർട്ട് ചെയ്തിരുന്നു .

5. സർക്കാർ ഇക്കാര്യം നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പൊതുസ്ഥലം മാറ്റത്തിന് നോംസ് നിശ്ചയിച്ചിട്ടുള്ള 25/02/2017 ലെ സ.ഉ(പി) നം.3/2027/ഉഭപവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരവും വിശദമായി പരിശോധിച്ചു. ശ്രീ.രഞ്ജൻ കുമാർ.പി.എസ് കൊച്ചി നഗരസഭയിലേക്കുള്ള സ്ഥലംമാറ്റത്തിനുള്ള കരട്ലിസ്റ്റിൽ തന്നെ ഉൾപ്പെടുത്താതിരുന്നതിനെതിരെയാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. 2012 മുതൽ കൊച്ചി നഗരസഭയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.രഞ്ജൻ കുമാർ.പി.എസ്-നെ 2019-ൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയാണ് മലപ്പുറം നഗരസഭയിൽ (26.11.2019-മുതൽ) നിയമിച്ചിരുന്നത്. എന്നാൽ ടിയാന്റെ സ്ഥലംമാറ്റ അപേക്ഷ പ്രകാരം 2020-21 ലെ ക്യൂ ലിസ്റ്റ് പ്രകാരം രണ്ടാമത്തെ ഓപ്ഷനായ മരട് നഗരസഭയിലേക്ക് 2021 ഫെബ്രുവരി മാസം 3-ന് സ്ഥലം മാറ്റം നൽകിയിട്ടുള്ളതാണ്. ടിയാൻ ആകെ 435 ദിവസം മാത്രമാണ് ജില്ലയ്ക്ക് പുറത്ത് സേവനമനുഷ്ഠിച്ചിട്ടുള്ളത്. സ്വന്തം ജില്ല (ഹോം സ്റ്റേഷൻ)യിൽ തന്നെയാണ് അപേക്ഷകൻ നിലവിൽ സേവനമനുഷ്ഠിച്ചു വരുന്നത്. കൂടാതെ മരട് നഗരസഭയിൽ നിന്നും കൊച്ചി നഗരസഭയിലേക്കുള്ള ദൂരം 15 കിലോമീറ്ററിനുള്ളിലാണ്.

6. പൊതു സ്ഥലം മാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവുകളിൽ ഒരു സ്റ്റേഷനിൽ മൂന്ന് വർഷം സേവനം പൂർത്തിയായശേഷം മാത്രമേ സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ശ്രീ.രഞ്ജൻ കുമാർ.പി.എസ്-ന് മലപ്പുറം നഗരസഭയിൽ നിന്ന് 435 ദിവസം കഴിഞ്ഞപ്പോൾ സ്വന്തം ജില്ല (ഹോം സ്റ്റേഷൻ)യിൽ സ്ഥലംമാറ്റം നൽകിയിട്ടുള്ളതാണ്. പൊതു സ്ഥലം മാറ്റത്തിന് നോംസ് നിശ്ചയിച്ചിട്ടുള്ള 25/02/2017 ലെ സ.ഉ(പി) നം.3/2027/ഉഭപവ ഉത്തരവിൽ പ്രത്യേക മുൻഗണനാവിഭാഗമായി അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചതിൽ 14 -ാമതാണ് മിശ്രവിവാഹിതർ വരുന്നത്. കൂടാതെ മുൻഗണനാ വിഭാഗങ്ങൾക്കുള്ള സ്ഥലംമാറ്റം അതാത് കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ 20%ൽ അധികരിക്കാൻ പാടില്ല എന്ന് വ്യവസ്ഥയുള്ളതാണ്. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കൊച്ചി നഗരസഭയിൽ ആകെയുണ്ടായിരുന്ന 90 ഒഴിവുകളിൽ വിവിധ പരിരക്ഷിക്കപ്പെട്ട വിഭാഗങ്ങളിലെ 31 പേർക്ക് 2021-22 ലെ ക്യൂ ലിസ്റ്റിൽ പരിഗണന നല്കിയിട്ടുള്ളതാണ്.

7. മേൽ വസ്തുതകൾ പ്രകാരം ശ്രീ.രഞ്ജൻ കുമാർ. പി.എസ്,-ന്റെ സ്ഥലംമാറ്റഅപേക്ഷയിൽ, 25.02.2017- ൽ സ.ഉ(പി) നമ്പർ 3/2017/ഉഭപവ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉത്തരവിലെ പൊതുമാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നഗരകാര്യഡയറക്ടർ പൂർണമായും പാലിച്ചിട്ടുള്ളതാണെന്ന് കാണുന്നതിനാൽ, 2021-2022-ലെ സ്ഥലംമാറ്റ ക്യൂ ലിസ്റ്റിൽ മിശ്രവിവാഹിതനെന്ന പരിഗണന നൽകി കൊച്ചി നഗരസഭയിൽ സ്ഥലംമാറ്റത്തിന് പരിഗണിക്കണമെന്ന ശ്രീ.രഞ്ജൻകുമാർ. പി.എസ്,-ന്റെ അപേക്ഷയിലെ ആവശ്യം അനുവദിക്കാവുന്നതല്ല എന്നതിനാൽ ആയത് നിരസിച്ച് അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

8. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ (ഇകെഎം) 1231/2022 നമ്പർ കേസിലെ 15.09.2022-ലെ ഉത്തരവിലെ നിർദ്ദേശം മേൽ പ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

സ.ഉ.(സാധാ) നം.2898/2022/LSGD

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖകത്ത് സഹിതം)
ശ്രീ.രഞ്ജൻ കുമാർ.പി.എസ്, സീനിയർ ക്ലർക്ക്, മരട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 23-11-2022 12:44:14
സെക്ഷൻ ഓഫീസർ